ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്ക് )

**ഉത്തരവ് നമ്പർ. ബി2/13797/2014/സിഇ തീയതി : 11/04/2023**

| | |
|---|---|
| വിഷയം :- | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- ജീവനക്കാര്യം- അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | ഈ കാര്യാലയത്തിലെ ഇതേ നമ്പരായുള്ള 31/03/2023-ലെ ഉത്തരവ്. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ശ്രീ.പി.കെ. ഉണ്ണികൃഷ്ണൻ നായരുടെ വിരമിക്കൽ നിമിത്തം ടിയാൻ മേൽനോട്ടം വഹിച്ചിരുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തടസ്സം നേരിടുന്നതിനാൽ ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു മുഴുവൻ സമയ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) സേവനം അനിവാര്യമാണ് എന്നത് കണക്കിലെടുത്ത് പരാമർശിത ഉത്തരവിൽ ക്രമ നമ്പർ.1-ൽ ഭാഗിക ഭേദഗതി വരുത്തി ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ശ്രീ.നിവിൻകൃഷ്ണ.എസിനെ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ശ്രീ.പി.കെ. ഉണ്ണികൃഷ്ണൻ നായർ വിരമിച്ചതുവഴി ഉണ്ടായ ഒഴിവിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

ഒന്നാം പരാമർശത്തിലെ സ്ഥാനക്കയറ്റ/സ്ഥലംമാറ്റ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,

1. ശ്രീ. നിവിൻകൃഷ്ണ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രിക്കൽ)
   (ആഫീസ് മേധാവി മുഖേന)

പകർപ്പ്:-
1. അക്കൗണ്ടന്റ് ജനറൽ (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ടിംഗ് എൻജിനീയർ, ഉത്തരമേഖല, കോഴിക്കോട്/ ദക്ഷിണമേഖല, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
4. ചീഫ് എഞ്ചിനീയറുടെ പി.എ
5. ഐ.റ്റി സെൽ
6. ഈ കാര്യാലയത്തിലെ ബി3, ബി4, എ6 സെക്ഷനുകൾക്ക്
7. സ്റ്റോക്ക് ഫയലിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr